
# 2025-2026

## ആറ്റടപ്പ സൗത്ത് യു .പി സ്കൂൾ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

വന്യ ജില്ലയുടെ പേര് : Kannur

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ATTADAPPA SOUTH U P S |
| 2 | വിലാസം | ATTADAPPA |
| 3 | ഫോൺ നമ്പർ | 04972822094 |
| 4 | ഇ-മെയിൽ വിലാസം | attadappasups@gmail.com |
| 5 | സ്കൂൾ കോഡ് | 13210 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 1 അവസാനം: 7 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Kannur South |
| 11 | വിദ്യാഭ്യാസ ജില്ല | Kannur |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1928 |
| 3 | അസംബ്ലി നിയോജകമണ്ഡലം | Kannur |
| 4 | പാർലമെന്റ് നിയോജകമണ്ഡലം | Kannur |
| 5 | റൂറൽ/അർബൻ | Rural |
| 6 | ബ്ലോക്ക് | |
| 7 | താലൂക്ക് | |
| 8 | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | Kannur |

Scanned with OKEN Scanner

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരികയാണല്ലോ. അതിൻറെ ഭാഗമായി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. കോവിഡ് കുട്ടികളിൽ ഉണ്ടാക്കിയ പഠന വിടവ് കൂടി പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഭാവിയിൽ നമ്മുടെ വിദ്യാലയം എന്തായിരിക്കണം? എങ്ങനെയായിരിക്കണം? എന്നതും സമൂഹത്തിൽ വിശ്വാസ്യതയുള്ള വ്യത്യസ്ത വിദ്യാലയമായി മാറാനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് അവ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ശ്രമമാണിത്. കോവിഡാനന്തരം കുട്ടികളിൽ ഉണ്ടായ പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക,സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ വിലയിരുത്തൽ തുടങ്ങിയവ ഈ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതോടൊപ്പം സാമൂഹ്യ മൂല്യങ്ങൾ വികസിപ്പിക്കാനുള്ള ഉത്തരവാദിത്വം കൂടി നിർവഹിക്കപ്പെടേണ്ടതുണ്ട്. മതനിരപേക്ഷത, ജനാധിപത്യബോധം, ലഹരിവസ്തുക്കൾക്കെതിരായുള്ള ജാഗ്രത, പൊതു ഗതാഗത സംവിധാനങ്ങൾ, ക്രമസമാധാനം, ശുചിത്വ ആരോഗ്യ പരിപാലനം, തുടങ്ങിയവയിൽ നാം നല്ല പ്രാധാന്യം നൽകിക്കൊണ്ട് പഠന പ്രവർത്തനങ്ങൾ ഇതിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

അറിവിനെയും കഴിവിനെയും താൽപര്യത്തിനേയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കാൻ വഴികാട്ടുന്നതുമായ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ജനകീയ ചർച്ചക്കും അതുവഴി സാമൂഹ്യപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാൻ കഴിയും എന്ന പ്രതീക്ഷയോടെ.

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസുകളിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കുക.
3. കുട്ടികളിൽ സാമൂഹ്യ വികാസ വിടവ് നിലനില്ക്കുന്ന പുതിയ സാഹചര്യത്തിൽ കളികൾ, സംഘപ്രവർത്തനം എന്നിവയിലൂടെ സാമൂഹ്യബോധം, സംഘബോധം പങ്കിടൽ എന്നിവ വികസിപ്പിക്കൽ.
4. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും പെടുന്ന കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക.
5. വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കുക.
6. അക്കാദമിക നിലവാരം അന്തരാഷ്ട്രാ നിലവാരത്തിലേക്കുയർത്തുക.
7. രക്ഷിതാക്കൾക്ക് അക്കാദമിക പ്രവർത്തനങ്ങളെ കുറിച്ച് അവർക്ക് ബോധ്യമുണ്ടാക്കുന്നതിനും അക്കാദമിക പ്രവർത്തനങ്ങളിൽ പിന്തുണ നല്കുന്നതിനുള്ള ധാരണയുണ്ടാക്കുന്നതിനും.
8. മുഴുവൻ കുട്ടികളേയും പ്രശ്ന പരിഹരണ ശേഷി ഉള്ളവരാക്കി മാറ്റുക.
9. കുട്ടികളുടെ സർഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കുക.
10. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
11. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

Scanned with OKEN Scanner

12. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ നമ്മുടെ വിദ്യാലയത്തെ ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
13. പിന്നാക്കം നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നല്കുക.
14. ലിംഗസമത്വം, തുല്യനീതി, സമത്വം ഇവ ഉറപ്പു വരുത്തുക.
15. ലഹരി വിരുദ്ധ മനോഭാവം പുലർത്തുക.
16. കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
17. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പ് വരുത്താൻ ജനകീയ സംവിധാനങ്ങൾ ഉറപ്പു വരുത്തുക.
18. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പഠനപ്രവർത്തനത്തിന് വിനിയോഗിക്കുക.
19. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യുക.

Scanned with OKEN Scanner

# ആറ്റടപ്പ സൗത്ത് യു.പി. സ്കൂൾ - ഇന്നലെകൾ

1928 ൽ (പഴയ ചിറക്കൽ താലൂക്ക്) ഇന്നത്തെ കണ്ണൂർ കോർപ്പറേഷനിലെ മാവില വീട് എന്ന് കേൾവിയുള്ള പ്രദേശത്ത് ശ്രീ.വെളുമ്പേരി കുഞ്ഞിരാമൻ മാസ്റ്റർ എന്ന മഹദ് വ്യക്തിത്വത്തിന്റെ ദീർഘദർശനമാണ് അനേകം വിദ്യാർത്ഥികൾക്ക് വിദ്യ പ്രദാനം ചെയ്ത വിദ്യാലയത്തിന്റെ ഉദയത്തിന്നാധാരം. ആറ്റടപ്പ നമ്പർ 1 ഗേൾസ് എൽ.പി. സ്കൂൾ എന്ന വിദ്യാലയം 1962 ആകുമ്പോഴേക്കും അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ടു. നുഞ്ഞിങ്കാവ് സ്കൂൾ എന്ന് ആളുകൾ ഹൃദയത്തിലേറ്റിയ വിദ്യാലയത്തിന് പ്രാരംഭഘട്ടത്തിൽ പരിമിതമായ ഭൗതിക സാഹചര്യങ്ങളാണ് ഉണ്ടായിരുന്നത്.

ഇവിടെ വിദ്യാഭ്യാസം നേടി ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രശോഭിച്ച ഒരു വലിയ പൂർവ്വ വിദ്യാർത്ഥി സമ്പത്ത് തന്നെ ഉണ്ട്. എ.ഇ.ഒ. ആയി റിട്ടയർ ചെയ്ത കൃഷ്ണൻ മാസ്റ്റർ, ചന്ദ്രൻ മാസ്റ്റർ, മുകുന്ദൻ മാസ്റ്റർ എന്നിവരൊക്കെ പ്രധാന വ്യക്തികളിൽ ചിലരാണ്. നീതിപാലകർ, പത്രപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, എഞ്ചിനീയർമാർ എന്നിങ്ങനെ പട്ടിക നീളുന്നു, എം.ടെക്കിൽ ഒന്നാം റാങ്ക് നേടിയ ഗാന അജിത്ത്, ഡിഗ്രി സുവോളജി പരീക്ഷയിൽ യൂനിവേഴ്സിറ്റി ടോപ്പർ ആയ നിമിഷ എന്നിവരും നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനമാണ്.

Scanned with OKEN Scanner

## പ്രധാന നേട്ടങ്ങൾ

2015-16 അധ്യയന വർഷം ഏറ്റവും മികച്ച വിദ്യാലയ പ്രവർത്തനങ്ങൾക്കുള്ള കണ്ണൂർ ഡയറ്റിന്റെ അംഗീകാരം, പ്രവൃത്തി പരിചയ മേളകളിൽ ജില്ലാതല നേട്ടങ്ങൾ, സബ്ജില്ലാ കായികമേളയിൽ വ്യക്തിഗത ചാമ്പ്യൻ ഉൾപ്പെടെ നിരവധി നേട്ടങ്ങൾ, ന്യൂമാത്സ് പരീക്ഷയിൽ നേട്ടം, ക്വിസ് മത്സര മികവ്, ഇൻസ്പയർ അവാർഡ് തുടർച്ചയായ LSS വിജയം.

**ഭൗതികം**

കമ്പ്യൂട്ടർ പഠന സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം, പാചകപ്പുര, കെട്ടുറപ്പുള്ള കെട്ടിടങ്ങൾ, ലൈബ്രറി, ചിത്രാലങ്കാരങ്ങളായ ചുമരുകൾ, സ്കൂളിലേക്ക് റോഡ്, സ്കൂൾ വാഹനം, സ്മാർട്ട് ക്ലാസ് റൂം.

**സാമൂഹികം**

പൂർവ്വ വിദ്യാർത്ഥി സംഭാവന ചെയ്ത സ്റ്റേജ്, മൈക്ക്, സെറ്റ്, ഫാൻ, ഗ്രൗണ്ടിലെ പാറ പൊട്ടിച്ച് ഇരിപ്പിടമാക്കി, കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, കുടിവെള്ള സൗകര്യം, സ്കൂൾ കവാടം.

## പ്രധാന പോരായ്മകൾ

- ചില കുട്ടികൾ ലേഖനത്തിൽ പിഴവ് വരുത്തുന്നു.
- ഗണിതം - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലെ പോരായ്മ.
- ഇംഗ്ലീഷ് അനായസമായി സംസാരിക്കുന്നതിനുള്ള പ്രയാസങ്ങൾ.
- സമഗ്ര കായിക വികസനത്തിനാവശ്യമായ കളിസ്ഥലമില്ലായ്മ
- ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ അസൗകര്യങ്ങളുള്ള കെ ട്ടിടങ്ങളില്ല.
- സ്കൂളിന്ചുറ്റുമതിൽ ഇല്ല.

Scanned with OKEN Scanner

മേഖല – അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ പദസമ്പത്ത് ആർജ്ജിക്കുക | Word chain, Word web, Mind mapping, Concept map, നിരീക്ഷിക്കാം, കണ്ടെത്താം പട്ടികപ്പെടുത്താം Riddles, Puzzles, Dictation, Ruffering dictionary, A new a day, Children's dictionary-making, Correct the miss spelt, jumbled words | ക്ലാസ് പ്രവർത്തന ങ്ങളിൽ, തുടർ പ്രവർത്ത നമായി | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുക | T. V. News, English announcements, ICT വഴി Listening slot നൽകൽ, കഥ പറയുക, ഇംഗ്ലീഷ് അസംബ്ലി | ,, | ,, | |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറികളിൽ ഇംഗ്ലീഷ് കഥാപുസ്തക ങ്ങൾ ഉൾപ്പെടുത്തുക, ചിത്ര വായന, ഗ്രൂപ്പ് വായന, വായിക്കാം പറയാം പ്രധാന കഥാസംഭവങ്ങൾ പട്ടികപ്പെടുത്തുക, പ്രധാന കഥാപാത്രങ്ങളെ വിവരി ക്കാം, ക്ലാസ് മാസിക, വാർത്താബോർഡ്, ന്യൂസ് പേപ്പർ റീഡിങ്ങ് | ഇടവേളക ളിൽ | ,, | പൂർവ്വ വിദ്യാർത്ഥി സംഘടന |
| സ്വാഭാവികമായി ഇംഗ്ലീഷ് സംസാരി ക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുക. | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ക്ലബ്, ദിനാചരണ ങ്ങൾ, തിയേറ്റർ പ്രവർത്തനങ്ങൾ, ചർച്ച, ക്ലാസ് റൂം ഇന്ററാക്ഷൻ, ഹലോ ഇംഗ്ലീഷ്, ക്ലിക്ക്സ് പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | ,, | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മകത വളർത്തുക | സ്വതന്ത്ര രചനക്കുള്ള അവസരം ഒരുക്കൽ, സ്കിറ്റ്, റോൾപ്ലെ, റീഡേർസ് തിയേറ്റർ, മാസികാ നിർമ്മാണം | ക്ലാസ് പ്രവർത്തനങ്ങളിൽ, തുടർ പ്രവർത്തനമായി | ഇംഗ്ലീഷ് അധ്യാപകർ | |
| ദിനാചരണങ്ങൾ നടത്തുക, സാമൂഹ്യബോധം, ചുമതലകൾ ഏറ്റെടുക്കാനുള്ള മനോഭാവം എന്നിവ വളർത്തുക. | ജൂൺ 5 പരിസ്ഥിതി ദിനം : മുദ്രാഗീതം, പോസ്റ്റർ കൊളാഷ്, ചിത്രരചന, ജൂൺ 19 വായനാ ദിനം ഉീഡിംഗ് മെറ്റീരിയൽസ് നോട്ടീസ് നിർമ്മാണം, വായനാ മത്സരം ജൂലായ് 11 ജനസംഖ്യാ ദിനം, സ്പീച്ച്, വിഷയം - ബാലവേല ആഗസ്ത് 6,9 ഹിരോഷിമാ നാഗസാക്കി ദിനം - പ്ലക്കാർഡ്, പോസ്റ്റർ ആഗസ്ത് 15 സ്വാതന്ത്ര്യ ദിനം പ്രസംഗം സപ്തംബർ 5 അധ്യാപക ദിനം, ഗ്രീറ്റിംഗ് കാർഡ് തയ്യാറാക്കൽ സപ്തംബർ 16 ലോക ഓസോൺ ദിനം - സ്കിറ്റ്, പോസ്റ്റർ ഒക്ടോബർ 2 ഗാന്ധി ജയന്തി- പ്രസംഗം, നവംബർ 14 ശിശുദിനം - പ്രൊഫൈൽ രചന, ഡിസംബർ 10 മനുഷ്യാവകാശദിനം-സ്കിറ്റ്, കുട്ടികളുടെ അവകാശങ്ങൾ ജനുവരി 26 റിപ്പബ്ലിക്ക് പ്ലഡ്ജ് തയ്യാറാക്കൽ, ഫിബ്രവരി 28 ശാസ്ത്ര ദിനം പ്രൊഫൈൽ - സി.വി.രാമൻ | ,, | ,, | |

Scanned with OKEN Scanner

മേഖല - അക്കാദമികം　　　　ഉപമേഖല - ഇംഗ്ലീഷ് ഭാഷ LP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും മനസ്സിലാക്കുന്ന തിനും (Listening) | Action song, Hello English Activities ഇംഗ്ലീഷ് റൈംസ് സ്റ്റോറീസ് കൂടുതൽ ക്ലാസിൽ അവത രിപ്പിക്കുക. ഐ.സി.ടി. സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക ടീച്ചർ ക്ലാസിൽ ഇംഗ്ലീഷ് (Atmosphere) ഉണ്ടാക്കി യെടുക്കുക. | ജൂൺ മുതൽ | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷിൽ സംസാ രിക്കാനുള്ള കഴിവ് ഉണ്ടാക്കി യെടുക്കുക. (Speaking) | ഇംഗ്ലീഷ് ക്ലാസുകൾ ഇംഗ്ലീഷ് ഭാഷയിൽ തന്നെ കൈകാര്യം ചെയ്യുക. ചിത്രം കാണിച്ച് ചിത്ര ത്തിലുള്ള കാര്യം പറയിപ്പി ക്കുക, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടി പ്പിക്കുക(ആഴ്ചയിൽ ഒരു ദിവസം) ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിൽ ഒരു ദിവസം), ഇംഗ്ലീഷ് ഫെസ്റ്റ്, Growing sentences, book review quiz | അവധി ദിവ സങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് Experts | |

Scanned with OKEN Scanner

മേഖല – അക്കാദമികം

ഉപമേഖല – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിശാസ്ത്ര ജ്ഞരെ വളർത്തി യെടുക്കുക | ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങളും അവരുടെ കണ്ടുപിടുത്തങ്ങളും പ്രദർശിപ്പിക്കുക അസംബ്ലിയിലും ക്ലാസ് മുറിയിലും പരീക്ഷണങ്ങൾ ഒരുക്കൽ, അവതരിപ്പിക്കൽ, ഒരു കുട്ടിക്ക് ഒരു പരീ ക്ഷണം, ലിറ്റിൽ സയന്റിസ്റ്റ് | ഒരു വർഷം | സയൻസ് അധ്യാപകർ | എസ്.എസ്. എ |
| പരീക്ഷണ കുറിപ്പ് തയ്യാറാക്കുക | പരീക്ഷണം ചെയ്യൽ (സ്വതന്ത്രമായി) പരീക്ഷണ നിരീക്ഷണങ്ങൾ രേഖപ്പെടു ത്തൽ, പരീക്ഷണ കുറിപ്പ് തയ്യാറാക്കുക, പതിപ്പ് രൂപ പ്പെടുത്തുക | ,, | ,, | |
| ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര വാർത്തകൾ, ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ, ശാസ്ത്ര ക്വിസ്, ഐ.സി. ടി ഉപയോ ഗിച്ച് ശാസ്ത്രവിസ്മയങ്ങൾ പരിചയപ്പെടുത്തൽ, ശാസ്ത്ര മാസിക നിർ മ്മാണം, ക്വിസ്, ചോദ്യപ്പെട്ടി, വിസ്മയ ചുമർ, പരീക്ഷണ ങ്ങൾ | ,, | ,, | |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസി പ്പിക്കൽ | പരീക്ഷണം രൂപകൽപ്പന, പരീക്ഷണം ചെയ്യൽ, നിരീ ക്ഷണം, അപഗ്രഥനം, നിഗ മനം, പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | ,, | ,, | |
| ലൈബ്രറി ശാസ്ത്ര ലാബ് | ശാസ്ത്ര പുസ്തകങ്ങൾ ശേഖരിക്കൽ, ശാസ്ത്രജ്ഞ ന്മാരെ പരിചയപ്പെടൽ, ശാസ്ത്ര പദങ്ങൾ പരിച യപ്പെടൽ, കുറിപ്പ് തയ്യാറാ ക്കൽ, ഉപകരണങ്ങൾ ഇനം തിരിച്ച് തയ്യാറാക്കൽ, കാറ്റലോഗ് തയ്യാറാക്കൽ | ,, | ,, | |

Scanned with OKEN Scanner

മേഖല – അക്കാദമികം

ഉപമേഖല – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങൾ വൈവിധ്യമാർന്ന രീതിയിൽ സംഘടിപ്പിക്കൽ | പഠനാനുബന്ധ പ്രവർത്തനങ്ങളായി ദിനാചരണങ്ങൾ സംഘടിപ്പിക്കൽ സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ, ക്വിസ്, സെമിനാർ, ക്ലാസുകൾ, ബോധവൽക്കരണ പരിപാടികൾ, സ്കിറ്റ്, പ്രസംഗം, ശാസ്ത്രജ്ഞൻമാരെ അടുത്തറിയൽ ഐ.സി.ടി.സാധ്യതകൾ, റാലി | ഒരു വർഷം | സയൻസ് അധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ | സിഡി. പ്രദർശനം | ,, | ,, | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തൽ | ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ്, ലെയറിംഗ്, ടിഷ്യൂ കൾച്ചർ, വീഡിയോ പ്രദർശനം, ആനിമേഷൻ | ,, | ,, | |
| പ്രാദേശിക വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തൽ | ശാസ്ത്രോത്സവം അഭിമുഖം | ,, | ,, | |
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ, ഫീൽഡ് ട്രിപ്പ് ക്ലിക്ക്സ് | ,, | ,, | . |

Scanned with OKEN Scanner

മേഖല - അക്കാദമികം ഉപമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക ക്ഷമത കൈവരിക്കുന്നതിനും മികച്ച ആരോഗ്യം നിലനിർത്തുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും | സൈക്കിൾ പരിശീലനം, ചെസ്സ്, ഏറോബിക്സ്, നീന്തൽ, കബഡി, നാടൻ കളികൾ, യോഗാ പരിശീലനം, കരാട്ടെ, സ്കിപ്പിംഗ്, അത്‌ലറ്റിക്സ്, ബോധവത്കരണ ക്ലാസ്, കാരംസ്, ഫുട്ബോൾ | തുടർച്ചയായി | അധ്യാപകർ, പ്രാദേശിക വിദഗ്ദർ | |

Scanned with OKEN Scanner

മേഖല - അക്കാദമികം ഉപമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതനൈപുണി വളർത്തുന്നതിനും ഭാവനകൾ വികസിപ്പിക്കുന്നതിനും പഠനം ആസ്വാദ്യകരമാക്കുന്നതിനും | കുട നിർമ്മാണം, നെറ്റ് നിർമ്മാണം, ആഭരണ നിർമ്മാണം, ചോക്ക് നിർമ്മാണം, വയറിംഗ്, എൻഗ്രേവിംഗ്, കാർവിംഗ്, പാവനിർമ്മാണം, ചിത്രരചന, പെയിന്റിംഗ്, കളറിംഗ്, എംബ്രോയിഡറി, പേപ്പർ-ക്രാഫ്റ്റ്, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കൊളാഷ് | തുടർച്ചയായി | എല്ലാ അധ്യാപകർക്കും | |

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് ബോധവൽക്കരണം,ക്ലബ് രൂപീകരണം, ക്ലബ് രൂപീകരിച്ച് സാമൂഹ്യശാസ്ത്ര-പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരിക്കുന്നു. | തുടർച്ചയായി | സോഷ്യൽ സയൻസ് അധ്യാപിക | |
| സാമൂഹികാവബോധം വളർത്തലും, പൊതുവിജ്ഞാനം വർദ്ധിപ്പിക്കലും, ജിജ്ഞാസ വളർത്തിയെടുക്കൽ | സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിക്കൽ, അഭിമുഖങ്ങൾ നടത്തൽ, ബോധവൽക്കരണക്ലാസുകൾ, സംവാദങ്ങൾ, സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കൽ, പത്രവായന, പത്ര ക്വിസ്, ചരിത്ര ക്വിസ് എന്നിവ നടത്തുക. വ്യവസായശാലകൾ, നിർമ്മാണ യൂണിറ്റുകൾ (സൗകര്യപ്രദമായവ) സന്ദർശിക്കൽ, സാമൂഹ്യപഠന സംബന്ധമായി പതിപ്പുകൾ, പോസ്റ്ററുകൾ നിർമ്മിക്കുന്നു, സാമൂഹ്യവിഷയങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കണ ക്ലാസുകൾ : ഉദാ:- ലഹരി വിരുദ്ധബോധവൽക്കരണം, യുദ്ധവിരുദ്ധബോധവൽക്കരണം, ജനസംഖ്യാ വർദ്ധനവിനെ പറ്റി, ശുചിത്വ ബോധവൽക്കരണം തുടങ്ങിയവ നടത്തുന്നു. സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളെ കുറിച്ച് കൂടുതലറിയാൻ അഭിമുഖം സംഘടിപ്പിക്കൽ, കർഷകൻ/കൃഷിഓഫീസറുമായുള്ള അഭിമുഖം. കോടതി/നിയമസംബന്ധമായ കാര്യങ്ങളെ കുറിച്ചറിയാൻ അഡ്വക്കേറ്റുമായി അഭിമുഖം. ട്രാഫിക്ക്/ റോഡ് നിയമങ്ങളെ കുറിച്ചറിയാൻ പോലീസുമായുള്ള അഭിമുഖം | " | സോഷ്യൽ ക്ലബ്, എസ്.ആർ.ജി, പി.ടി.എ | |

മേഖല - അക്കാദമികം ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ചർച്ചകൾ, സെമിനാർ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള താല്പര്യം വളർത്തിയെടുക്കൽ | സെമിനാർ, ചർച്ചകൾ, യു.പി. സ്കൂളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ നൽകുന്നു. വിവരങ്ങൾ ശേഖരിക്കുന്നു. അവതരിപ്പിക്കുന്നു, ചർച്ചകൾ നടത്തുന്നു, പ്രതികരണങ്ങൾ ഉണ്ടാക്കുന്നു | തുടർച്ചയായി | സോഷ്യൽ സയൻസ് അധ്യാപിക | |
| ജനാധിപത്യ ബോധം, ദേശീയത എന്നിവ വളർത്തൽ | സ്കൂളിൽ ആധുനിക രീതിയിലുള്ള സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു, തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വകുപ്പുകൾ വിഭജിച്ച് നൽകുന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം കാണിക്കുന്നു, സ്വാതന്ത്ര്യദിനാഘോഷം, പ്രസംഗം അവതരിപ്പിക്കൽ, ദേശീയ പതാക നിർമ്മാണം, സമരസംഭവങ്ങൾ, സ്കിറ്റ്, മൈമിംഗ് രൂപത്തിൽ അവതരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദേശീയബോധം വളർത്തുന്നു. | തുടർച്ചയായി | എസ്. ആർ.ജി | |
| എല്ലാ കുട്ടികളുടേയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തൽ | പഠനസാധ്യതകൾക്ക് മുൻതൂക്കം നൽകി വിദ്യാലയ ചുമരിലും, പുറംമതിലിലും, ചിത്രങ്ങൾക്ക് ഇടം കണ്ടെത്തുക. | " | സാമൂഹിക പങ്കാളിത്തം പിടിഎ | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര ലാബ് വികസിപ്പിക്കൽ | ആവശ്യകത ബോധ്യപ്പെടുത്തൽ, വിഭവങ്ങൾ/സാധനങ്ങൾ, വസ്തുക്കൾ, ശേഖരിക്കൽ, നാണയം, കറൻസി, സ്റ്റാമ്പ്, ശേഖരണം, പുരാവസ്തു സംരക്ഷണം, സ്കൂളിന്റെ ചരിത്രം തയ്യാറാക്കൽ | തുടർച്ചയായി | | |
| ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ | ഭൂപടങ്ങൾ വരയ്ക്കൽ, നിർമ്മിക്കൽ, ഗൂഗിൾ മാപ്പിംഗ് സ്ഥലങ്ങൾ ലൊക്കേറ്റ് ചെയ്യൽ, ചരിത്ര പ്രധാനമായ സ്ഥലങ്ങൾ, സംഭവങ്ങൾ, സ്മാരകങ്ങൾ, വൻകരകൾ, സമുദ്രങ്ങൾ, മരുഭൂമികൾ, കാലാവസ്ഥാ മേഖലകൾ, അക്ഷാംശരേഖകൾ, ഗ്ലോബ്, ഭ്രമണം, പരിക്രമണം, സംസ്കാരങ്ങൾ മുതലായവ കണ്ടെത്തി മനസ്സിലാക്കൽ | ” | സോഷ്യൽ സയൻസ് അധ്യാപിക, സോഷ്യൽ ക്ലബ്, എസ്.ആർ.ജി, പി.ടി.എ | |
| സാമൂഹ്യവിഷയപരമായ താല്പര്യം ഉണ്ടാക്കൽ | ബോധവത്ക്കരണം, ദിനാചരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കളികളിലൂടെ പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, ക്ലബ് പ്രവർത്തനങ്ങൾ, | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഴയകാല ചരിത്രത്തെ കുറിച്ച് അറിവ് നേടാനും മനസ്സിലാക്കുന്നതിനും | പഠനയാത്രകൾ നടത്തൽ, ചരിത്ര പ്രധാനമായ സ്ഥലങ്ങൾ, കോട്ടകൾ, മ്യൂസിയങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ സന്ദർശിക്കാൻ കുട്ടികളേയും കൊണ്ട് പഠനയാത്ര പോകുന്നു | തുടർച്ചയായി | എസ്.ആർ.ജി., എം.പി.ടി.എ, അധ്യാപകർ | |
| ലോകത്തിൽ/പ്രപഞ്ചത്തിൽ മാറി മാറി വരുന്ന സംഭവ വികാസങ്ങളെ കുറിച്ചുള്ള അറിവ് നേടൽ | ഡിജിറ്റൽ ആൽബം- പ്രപഞ്ചത്തെ കുറിച്ചുള്ളതും, ലോകത്തിലെ വിവിധ കണ്ടുപിടുത്തങ്ങളേയും, ചരിത്രകാരന്മാരെ കുറിച്ചുള്ളതുമായ സിഡികൾ സഞ്ചാരവുമായി ബന്ധപ്പെട്ട വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ” | എസ്.ആർ.ജി., ക്ലബ് | |
| സാംസ്കാരിക മൂല്യങ്ങൾ വളർത്തിയെടുക്കുക | ചരിത്ര ക്വിസ് മത്സരം നടത്തൽ, സ്കൂളിന്റെ ചരിത്രം തയ്യാറാക്കൽ, ഇന്ത്യയിലേയും വിവിധ രാജ്യങ്ങളിലേയും നാണയങ്ങൾ/കറൻസികൾ ശേഖരിക്കൽ | ” | ക്ലബ്, അധ്യാപകർ, പി.ടി.എ | |
| ഭൂപട നിർമ്മാണം | സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിനാവശ്യമായ രാഷ്ട്രീയ ഭൂപടം തയ്യാറാക്കൽ, കേരളം, ഇന്ത്യ- ജില്ലകൾ. അതിരുകൾ എന്നിവ മനസ്സിലാക്കുന്നു. ഇന്ത്യ-സംസ്ഥാനങ്ങൾ, അതിർത്തികൾ, ദിക്ക് എന്നിവ മനസ്സിലാക്കുന്നു. | ” | എസ്.ആർ.ജി., സോഷ്യൽ ക്ലബ് | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷികസംസ്കാരത്തെ തിരിച്ചുപിടിക്കൽ, സ്വയംപര്യാപ്തത വളർത്തൽ | ഓരോ പ്രദേശത്തെ കൃഷിയും ഭൂമിശാസ്ത്ര പ്രത്യേകതയും തിരിച്ചറിയുന്നു. കർഷകനുമായുള്ള അഭിമുഖം നടത്തുന്നു. കൃഷിയുമായി ബന്ധപ്പെട്ട സി.ഡി. പ്രദർശനം ഒരു കുട്ടിക്ക് ഒരു ഗ്രോബാഗ് എന്ന രീതിയിൽ കൃഷി ചെയ്യാനുള്ള പ്രോത്സാഹനം ഘട്ടംഘട്ടമായി വളർച്ച രേഖപ്പെടുത്തൽ, കുട്ടി കർഷകനെ അനുമോദിക്കൽ | തുടർച്ചയായി | അധ്യാപകർ, പിടിഎ | |
| സാമൂഹികാവബോധം ഉണ്ടാക്കൽ | ചർച്ചകളിലും പ്രവർത്തനങ്ങളിലും ഏർപ്പെടൽ, സെമിനാറുകൾ, പ്രസംഗങ്ങൾ, അഭിമുഖങ്ങൾ, ക്ലബുകൾ എന്നിവ നടത്തൽ | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | പ്രി-ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, അക്ഷരക്കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്യ നിർമ്മാണം, വാക്കുകൾ ഉണ്ടാക്കൽ, ചിത്രം അടിക്കുറിപ്പ്, ചിത്രം-കഥ എഴുതൽ, കഥ പറയൽ - കഥ- ബാക്കി എഴുതൽ, കഥാ പുസ്തകം നൽകൽ, സി.ഡി. - ചിത്രം നൽകി വാക്യങ്ങൾ എഴുതൽ, പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ക്ലാസ് പ്രവർത്തനങ്ങളിൽ തുടർച്ചയായി | ബി.ആർ.സി, ഡയറ്റ്, എസ്.സി, ഇ.ആർ.ടി, പി.ടി.എ ഐ.ഇ.ഡി- ട്രയിനർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം) | വായനാമൂല, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി നവീകരിക്കൽ, സമീപ ഗ്രന്ഥശാല അംഗത്വം, വായനാ മത്സരം സംഘടിപ്പിക്കൽ, പത്രവായന, അമ്മ വായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവയ്ക്കൽ, വായനാകുറിപ്പ് എഴുതൽ, വിദ്യാരംഗം, കലാസാഹിത്യവേദി, ബാലസഭ, ദിനാചരണങ്ങൾ, സാഹിത്യകാരൻമാരുമായുള്ള അഭിമുഖം, ആനുകാലിക പ്രസിദ്ധീകരണങ്ങളും, വായനയും, ആസ്വാദകരമായ വായന, വായനാസാമഗ്രികൾ വികസിപ്പിക്കൽ | ,, | ബി.ആർ.സി, ഡയറ്റ്, എസ്.സി, ഇ.ആർ.ടി, പി.ടി.എ ഗ്രന്ഥശാല | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം, പുസ്തകചർച്ച, ക്ലാസ് ലൈബ്രറി വായനാക്കുറിപ്പ് പതിപ്പ്, സന്ദർശിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം, വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ, ഇന്റർനെറ്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ, സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ, എഴുത്തുകൂട്ടം മോണിറ്ററിംഗ്, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് ബാലസഭ, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്, വ്യക്തിത്വവികാസം, സംഘബോധം, ഭാഷാ പ്രാവീണ്യം, സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം, പ്രതിഭകളെ പരിചയപ്പെടൽ | " | | |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള അക്ഷരങ്ങൾ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | അക്ഷരക്കാർഡ്, ചിത്രങ്ങൾ, ചിത്രകഥാ പുസ്തകങ്ങൾ, ചിത്രകഥാ ചാർട്ട് എന്നിവ നൽകി പറയാനവസരം | തുടർച്ചയായി | ക്ലാസ് ടീച്ചർ | |
| ചിഹ്നങ്ങൾ തിരിച്ചറിയാനും ഉറപ്പിക്കാനുമുള്ള ശേഷി വളർത്തൽ | അക്ഷരക്കാർഡുകൾ, ചിഹ്നക്കാർഡുകൾ എന്നിവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ ഉണ്ടാക്കൽ, എഴുതൽ | ,, | ക്ലാസ് ടീച്ചർ | |
| ഐ.സി.ടി.പഠന സാധ്യത ഉറപ്പുവരുത്തൽ | ഐ.സി.ടി.യുടെ സഹായത്തോടെ കഥ, കവിത, സംഭാഷണം രൂപം എന്നിവ ഉറപ്പിക്കൽ, വിവിധതരം കളികളിലൂടെ പഠനം എളുപ്പമാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ,, | ക്ലാസ് ടീച്ചർ | |
| വായനയ്ക്ക് പ്രേരിപ്പിക്കൽ | വായനാക്കാർഡ് നിർമ്മിച്ച് നൽകൽ, ചെറിയ ചിത്രപുസ്തകങ്ങൾ നൽകി വായിപ്പിക്കൽ, ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ | ,, | ക്ലാസ് ടീച്ചർ | |
| നിർമ്മാണം, ചിത്രം വര, കളറിടൽ, പ്രോത്സാഹിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ, ചിത്രം വര, കളറിടൽ, എന്നിവയ്ക്ക് അവസരം നൽകൽ | ,, | ക്ലാസ് ടീച്ചർ | |
| കഥ, കവിത, സംഭാഷണം എന്നിവ തിരിച്ചറിയുകയും അവതരിപ്പിക്കുകയും ചെയ്യുന്നു | ചിത്രം പ്രദർശിപ്പിച്ച് കാര്യങ്ങൾ പറയൽ, വിവരണ രൂപത്തിലാക്കൽസ റോൾപ്ലേയിലൂടെ സംഭാഷണ രൂപം അവതരിപ്പിക്കൽ | ,, | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

മേഖല – അക്കാദമികം

ഉപമേഖല – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള അക്ഷരങ്ങൾ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | അക്ഷരക്കാർഡ്, ചിത്രങ്ങൾ, ചിത്രകഥാ പുസ്തകങ്ങൾ, ചിത്രകഥാ ചാർട്ട് എന്നിവ നൽകി പറയാനവസരം. ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ. ചിത്ര വാസന നടത്തി പ്രസക്തമായി കാര്യങ്ങൾ വാചികമായി പങ്കിടൽ | തുടർച്ചയായി | ക്ലാസ് ടീച്ചർ I, II, III, IV | |
| ചിഹ്നങ്ങൾ തിരിച്ചറിയാനും ഉറപ്പിക്കാനുമുള്ള ശേഷി വളർത്തൽ | അക്ഷരക്കാർഡുകൾ, ചിഹ്നക്കാർഡുകൾ എന്നിവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ ഉണ്ടാക്കൽ | | | |
| വായനയ്ക്ക് പ്രേരിപ്പിക്കൽ | കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച ചിത്രവായന നടത്തുന്നു. വായനക്കാർഡ് നിർമ്മിച്ച് നൽകൽ, ചിത്ര പുസ്തകങ്ങൾ നല്കി വായിപ്പിക്കൽ, ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ, ചിത്രം നല്കി അടിക്കുറിപ്പ്, കഥ, കവിത ബാക്കി ഭാഗം പൂരിപ്പിക്കൽ, കുട്ടികൾ നിർമ്മിച്ച കഥകൾ, കവിതകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിട്ടാണ്. അമ്മ വായന, പത്ര വായന | | | |
| കഥ, കവിത, സംഭാഷണം എന്നിവ തിരിച്ചറിയുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കഥ എഴുതൽ | കഥാപുസ്തകങ്ങൾ വായന, ചിത്രം - കഥ എഴുതൽ, കഥ-പൂർത്തീകരണം, ഒരു ആശയം നൽകി ഭാവനയ്ക്കനുസരിച്ച് കഥ എഴുതൽ, കവിതയിലെ ആശയം കഥയാക്കിയെഴുതൽ, മികച്ച കഥ കണ്ടെത്തൽ | ക്ലാസ് പ്രവർത്തനങ്ങളിൽ | എസ്.ആർ.ജി. പി.ടി.എ | |
| കവിത എഴുതൽ | കവിതാ പുസ്തകങ്ങൾ, വായന, കവിതാ പൂർത്തീകരണം, ചിത്രത്തിൽ നിന്ന് കവിതയെഴുതൽ, മികച്ച കവിത കണ്ടെത്തൽ | " | എസ്.ആർ.ജി. പി.ടി.എ | |
| കുറിപ്പ് | വായനയ്ക്ക് പ്രാധാന്യം, വായനാകുറിപ്പ് തയ്യാറാക്കൽ, മികച്ച വായനാകുറിപ്പ് കണ്ടെത്തൽ, വിവിധ വിഷയം നൽകി കുറിപ്പ് തയ്യാറാക്കൽ, യാത്രാക്കുറിപ്പ് തയ്യാറാക്കൽ, സാഹിത്യക്കാരെ കുറിച്ച് കുറിപ്പ് | " | | |
| വിവരണം | വിവിധ വീഡിയോകൾ, ശബ്ദമില്ലാതെ പ്രദർശിപ്പിച്ച് വിവിരണം നൽകലും എഴുതി തയ്യാറാക്കലും.<br>ഒരു കളി - കളിപ്പിച്ചതിന് ശേഷം വിവരണം തയ്യാറാക്കൽ, ചിത്രം നൽകി വിവരണം തയ്യാറാക്കൽ | " | എസ്.ആർ.ജി. പി.ടി.എ | |
| വർണ്ണന | ചിത്രം നൽകി- വർണ്ണന തയ്യാറാക്കൽ, കവിത നൽകി വർണ്ണന തയ്യാറാക്കൽ ആശയം കൊടുത്ത് വർണ്ണന തയ്യാറാക്കൽ (ആകാശം, പുഴ, കായൽ, കലകൾ | " | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പോസ്റ്റർ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിവ പോസ്റ്ററുകൾ തയ്യാറാക്കൽ. വായനക്കുള്ള അവസരം പ്രാദേശിക വിഷയവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കൽ | ക്ലാസ് പ്രവർത്തനങ്ങളിൽ | | |
| കത്ത് | സുഹൃത്തിന് കത്തെഴുതൽ | ,, | എസ്.ആർ.ജി. | |
| നോട്ടീസ് അറിവ് നിർമ്മാണം | നോട്ടീസ് പരിചയപ്പെടുത്തൽ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസ് തയ്യാറാക്കൽ, സ്കൂളിലെ വിവിധ പരിപാടികൾ നിരീക്ഷണത്തിന് ശേഷം നോട്ടീസ് തയ്യാറാക്കൽ മികച്ചത് തിരഞ്ഞെടുക്കൽ കൊളാഷ്, ചുമർപത്രിക | | എസ്.ആർ.ജി. | |
| ക്ലിക്ക്സ് പ്രവർത്തനങ്ങൾ | ക്വിസ്, വാർത്താഅവതരണം, | | | |
| നാടകീകരണം | പാഠഭാഗങ്ങൾ നാടകമായി അവതരിപ്പിക്കൽ | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം　　　　　　　　　　　　　　　　　　ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീ-ടെസ്റ്റ് നടത്തൽ, അക്ഷരം ഉറപ്പിക്കൽ, അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതിയ കാർഡ്, ചിഹ്നങ്ങളും അക്ഷരങ്ങളും ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുക, ചിത്ര കഥയുടെ ചിത്രങ്ങളും, കഥ എഴുതിയ ചാർട്ടും നൽകി ചിത്രകഥയ്ക്ക് യോജിച്ച കഥ എഴുതുവാനുള്ള അവസരം ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന വർക്ക് പ്രത്യേക ക്ലാസ്, ഗൃഹോപകരണങ്ങളുടെയും സാധനങ്ങളുടെയും പേര് ഹിന്ദിയിൽ എഴുതുക | | ഹിന്ദി ക്ലബ്ബ് | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ഹിന്ദി അസംബ്ലി, വായനാ കാർഡ് നിർമ്മിച്ച് നൽകുന്നു. ചെറിയ ചെറിയ കഥാപുസ്തകങ്ങൾ നൽകി വായിപ്പിക്കൽ. ഐ.സിടിയുടെ സഹായത്തോടെ ചിത്രകഥാ വായന. CWSN പങ്കാളിത്തം | | | |
| കഥാ വായന കഥാ രചന | വായനയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രോത്സാഹനം കൊടുക്കുന്നു. എഴുത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു | | | |
| ഹിന്ദി ഡോക്യുമെന്ററി കാണാനുള്ള അവസരം, വാർത്ത കേൾക്കാനുള്ള അവസരം, ഹിന്ദി കവിത ഓഡിയോ കേൾക്കാനുള്ള അവസരം | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം | | | |
| | ഹിന്ദിക്ലബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ സെപ്തംബർ 14, ജനുവരി 10 | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ, ഇടയിലുള്ള സംഖ്യ കണ്ടെത്തൽ, ക്രമത്തിലാക്കൽ, വലുത്, ചെറുത് കണ്ടെത്തൽ, ആരോഹണക്രമം, അവരോഹണക്രമം, സംഖ്യാകാർഡ് ഉപയോഗിക്കൽ, ഗണിത പാട്ടുകൾ, കഥകൾ, പാറ്റേൺ, തരംതിരിക്കൽ, കൂട്ടങ്ങളാക്കൽ, ഗണിതകളികൾ, സംഖ്യ അക്കത്തിലും , അക്ഷരത്തിലും എഴുതൽ, സംഖ്യാവ്യാഖ്യാനം സ്ലിക്ക്സ് പ്രവർത്തനങ്ങൾ, റോമൻ അക്കങ്ങൾ, മലയാള അക്കങ്ങൾ | | | |
| സ്ഥാനവില ഉറപ്പിക്കൽ | അബാക്കസ് ഉപയോഗിച്ച് ഗണിത കളികൾ, സ്ഥാനവില പോക്കറ്റ് കളികൾ, കൂട്ടങ്ങളാക്കൽ | | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | കച്ചവടം, മാന്ത്രിക ചതുരം, പ്രായോഗിക പ്രശ്നങ്ങൾ, മനക്കണക്ക്, ഊഹം | | | |
| ഗണിതപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | പാറ്റേൺ വിശകലനം, ജ്യാമിതീയ രൂപങ്ങൾ, വരയ്ക്കൽ, ജിയോജിബ്ര | | | |
| പ്രശ്നാപഗ്രഥനം | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ, കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ, കറണ്ട് ബിൽ കുറക്കുന്നതിനുള്ള സർവേ | | | |
| രൂപങ്ങൾ തിരിച്ചറിയൽ | ചുറ്റുപാടുള്ള വസ്തുക്കളെ തരംതിരിക്കൽ (ത്രികോണം, വൃത്തം, ചതുരം) രൂപങ്ങളുപയോഗിച്ച് വ്യത്യസ്ത ചിത്രങ്ങളുണ്ടാക്കൽ, നിറം കൊടുത്ത് ഭംഗിയാക്കൽ, രൂപങ്ങൾ വരയ്ക്കൽ, രൂപങ്ങൾ ശേഖരിക്കൽ | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അളവുകൾ കണ്ടെത്തൽ | വലുതും ചെറുതും തിരിച്ചറിയൽ, ഊഹവും യഥാർത്ഥ അളവും കണ്ടെത്തൽ, അളവ് ഉപകരണങ്ങൾ പരിചയപ്പെടൽ (മീറ്റർ സ്കെയിൽ, മീറ്റർ, അളവ് പാത്രങ്ങൾ) പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | | | |
| സമയം തിരിച്ചറിയൽ | ക്ലോക്ക് നിർമാണം, സമയ രേഖ തയ്യാറാക്കൽ, ഫീൽഡ് ട്രിപ്പ്- റെയിൽവെ സ്റ്റേഷൻ, പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ, കളികൾ | | | |
| കലണ്ടർ പരിചയപ്പെടൽ | കലണ്ടർ നിർമ്മാണം, വിശേഷ ദിവസങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തൽ, കലണ്ടർ പൂർത്തീകരണം, പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | | | |
| ഗണിതമേള<br>ഗണിത ലാബ്<br>ചോദ്യോത്തരപ്പെട്ടി | എല്ലാ കുട്ടികളെയും ഗണിതമേളയിൽ പങ്കെടുപ്പിക്കുന്നതിന് ചുറ്റുപാടുമുള്ള വസ്തുക്കൾ ഉപയോഗിച്ച് ലാബ് തയ്യാറാക്കുന്ന മുഴുവൻ കുട്ടികളെയും ഗണിത ക്വിസിന് പ്രാപ്തരാക്കും. | | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | ലളിതമായ അറബി പുസ്തകങ്ങൾ, അറബി കഥ ബുക്ക്, അറബി ക്വിസ്സ് ബുക്ക്, ചിത്ര കഥ ബുക്ക്, അറബി കൊച്ചു പദ്യ പുസ്തകങ്ങൾ എന്നിവ വായിക്കാൻ കൊടുത്ത് വായനയെ പ്രോത്സാഹിപ്പിക്കുക | ക്ലാസ് പ്രവർത്തനങ്ങളിൽ | അറബി അധ്യാപിക | |
| മുഴുവൻ കുട്ടികളേയും അറബി ഭാഷയിൽ മെച്ചപ്പെടുത്തൽ | ഒന്ന്, രണ്ട്, ക്ലാസുകളിൽ ചിത്രത്തിലൂടെ ചെറിയ വാക്കുകൾ പഠിപ്പിച്ച് ചെറിയ വാക്യങ്ങൾ വായിക്കാൻ സാധ്യമാക്കുക. | ,, | ,, | |
| മുഴുവൻ കുട്ടികൾക്കും ഐ.സി.ടി. പഠനം സാധ്യമാക്കുക | ഐ.സി.ടി. ഉപയോഗിച്ച് അറബിയിലുള്ള കഥ, കവിത, സംഭാഷണം, ആംഗ്യ-പ്പാട്ട്, വാർത്തകൾ എന്നിവ കാണിച്ച് കൊടുത്ത് അറബി ഭാഷ കൂടുതൽ കേൾക്കാനുള്ള സാഹചര്യം സൃഷ്ടിക്കൽ | ,, | ,, | |
| മുഴുവൻ കുട്ടികളേയും തെറ്റ് കൂടാതെ വൃത്തിയിൽ എഴുതാനുള്ള കഴിവ് ഉണ്ടാക്കൽ | അക്ഷരങ്ങൾ എഴുതിയ കാർഡ് ഉപയോഗിച്ച് വാക്കുകൾ എഴുതൽ, ക്ലാസ് മാസിക നിർമ്മാണം, വായനാകാർഡ് നിർമ്മാണം | ,, | ,, | |
| മത്സരങ്ങൾ | ക്വിസ്, പദനിർമ്മാണം, പദകേളി, പദപയറ്റ്, കളറിംഗ്, ഗദ്യവായന, ഖുറാൻ പാരായണം, മെമ്മറി ടെസ്റ്റ്, ആംഗ്യപ്പാട്ട്, കഥ പറയൽ, ഗാനം, പദ്യം, ഗ്രൂപ്പ് സോംഗ് | ,, | ,, | |

Scanned with OKEN Scanner

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാകുന്നു.
- വിദ്യാലയത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- വിദ്യാലയത്തിലേക്ക് പ്രവേശന നിരക്ക് കൂടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഉർദു

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഉറുദു ഭാഷ തികച്ചും പുതിയതായി അവതരിപ്പിക്കേണ്ടിവരുന്നു. മുന്നറിവുകൾ തീരെ ഇല്ല | പദജ്ഞാനം | ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉറുദുവിൽ പദസമ്പത്ത് ആർജ്ജിക്കുന്ന വിധം പദ പയറ്റിലൂടെയും അക്ഷര കാർഡിലൂടെയും കുട്ടികളിൽ ഉറുദുവിന്റെ പദജ്ഞാനം വളർത്തുക | ജൂൺ മുതലുള്ള ക്ലാസ് പ്രവർത്തനങ്ങളിൽ തുടർപ്രവർത്തനത്തിനായി | ഉറുദു അധ്യാപിക | |
| കൂടുതൽ വായനാവസരം ക്ലാസിന് പുറത്ത് ലഭ്യമല്ല | വായന | ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉറുദു വായിക്കാൻ സാധിക്കുന്ന വിധം ലളിതമായ ഉറുദു ചിത്രകഥ, പുസ്തകം, ഉറുദു ക്വിസ്, ചെറിയ ഉറുദു പദ്യങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികളിൽ വായന വളർത്തുക | തുടർപ്രവർത്തനം ജൂൺ മാർച്ച് | ഉറുദു അധ്യാപിക | ടീച്ചേർസ് ഗ്രാന്റ് |
| കൂടിയ പരിശീലനം ആവശ്യമുള്ള കുട്ടികൾ ഉണ്ട് | കേൾക്കൽ | ഉറുദുവിലുള്ള കുട്ടിക്കവിതകൾ, ഹൃസ്വം, ചിത്രം, പ്രശ്നോത്തരി, വീട്, സ്കൂൾ, വീട്ടിലുള്ളവർ, മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള പാട്ടുകൾ കേൾക്കാൻ അവസരം നൽകൽ | ക്ലാസ് പ്രവർത്തനത്തോടനുബന്ധിച്ച് ആഗസ്ത് മാർച്ച് | അധ്യാപിക | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഉർദു

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആർജ്ജിച്ച പഠനനേട്ടങ്ങൾ സമന്വയിപ്പിച്ച് സ്വതന്ത്രമായി അവതരിപ്പിക്കാൻ കഴിയുന്നില്ല | എഴുത്ത് | മാസിക നിർമ്മാണത്തിലൂടെ എഴുത്ത് പ്രോത്സാഹിപ്പിക്കൂ. പദ പയറ്റ്, പദ നിർമ്മാണം എന്നിവയിലൂടെ എഴുത്തിന് കൂടുതൽ ഊന്നൽ നൽകുക. വായനാ കാർഡ് നൽകി പുസ്തകത്തിൽ പകർത്തി എഴുതുക. | ക്ലാസ് പ്രവർത്തനം ജൂൺ, മാർച്ച് | അധ്യാപിക | |
| മത്സരങ്ങളിൽ മികവ് പുലർത്താൻ കുറച്ച് കുട്ടികൾക്കേ കഴിയുന്നുള്ളൂ | മത്സരങ്ങൾ | ഉറുദു ക്വിസ്സ്, സംഘഗാനം, പദപയറ്റ്, പദ നിർമ്മാണം, കവിതാരചന എന്നിവയിലൂടെ ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എല്ലാ മത്സരങ്ങളിലും പങ്കെടുക്കാൻ അവസരം നൽകുന്നു | ഒഴിവ് സമയങ്ങളിൽ ജൂലായ് മാർച്ച് | അധ്യാപിക | |
| ഐ സി ടി പഠനം ലളിതമാക്കുന്ന സാഹചര്യം | ഐ.ടി.പഠനം | ഉറുദു ഭാഷയിൽ ഐ.ടി.യുടെ സാധ്യത കുട്ടികളിൽ എത്തിച്ചുകൊടുക്കുക. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഗുണപാഠ കഥകൾ, കൃഷിയുടെ പ്രാധാന്യം എന്നിവ ഐ.ടി.യിലൂടെ കാണിച്ചു കൊടുക്കുക | ഒഴിവ് സമയങ്ങളിലും ക്ലാസ് പ്രവർത്തനത്തോടനുബന്ധിച്ച് ജൂൺ മാർച്ച് | അധ്യാപിക | |

Scanned with OKEN Scanner

# മോണിറ്ററിംഗ് രീതി

- സോഷ്യൽ മോണിറ്ററിംഗ് രീതി നടപ്പിലാക്കണം. (പി.ടി.എ, എം.പി.ടി.എ., എസ്.ആർ.ജി, എസ്.എസ്.ജി)
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം., പി.ടി.എ. പ്രസിഡന്റ്, എസ്.ആർ.ജി, കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടത്തുക.
- പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് സഹായകമാകുന്ന തരത്തിലുള്ള മോണിറ്ററിംഗ്.

Scanned with OKEN Scanner